പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *257 — 18/08/2017 ൽ മറുപടിയ്ക്ക്

# റീസർവ്വേ നടപടികളുടെ പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർപ്രകാശ്<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റീസർവ്വേ നടപടികൾ പകുതി പോലും പൂർത്തിയാകാത്ത സാഹചര്യത്തിൽ ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് സ്വകാര്യ ഏജൻസികളുടെ സഹായം തേടുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഈ പദ്ധതിയ്ക്ക് ആസൂത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) ഇതുവരെ റീസർവ്വേ നടപടികൾ എത്ര വില്ലേജുകളിൽ പൂർത്തിയായെന്ന് വ്യക്തമാക്കാമോ; | (ബി) 885 വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) പരീക്ഷണാടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ആരംഭിച്ച റീസർവ്വേ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (സി) ഉണ്ട്. കാസറഗോഡ് ജില്ലയിലെ 10 വില്ലേജുകളിൽ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ച് പൂർണ്ണ ജനപങ്കാളിത്തത്തോടെ കുറ്റമറ്റ രീതിയിൽ ഫീൽഡ് ജോലികൾ പൂർത്തിയാക്കി ജൂൺ മാസത്തിൽ സർവ്വെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) പ്രകാരം വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. ഇതു സംബന്ധിച്ച പരാതികൾ ഭൂവുടമകളിൽ നിന്ന് സ്വീകരിച്ച് അത് പരിശോധിച്ച് നടപടികൾ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) റീസർവ്വേ സംബന്ധിച്ച് ലഭിച്ച പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | (ഡി) ഉണ്ട്. റീസർവ്വേ കഴിഞ്ഞ വില്ലേജുകളിലെ പരാതികൾ പരിഹരിക്കുന്നതിന് നിലവിൽ താലൂക്കുകളിൽ എൽ.ആർ.എം. സംവിധാനം വഴി നടപടി സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഇ) സംസ്ഥാനത്തെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ സ്വകാര്യ ഏജൻസികളുമായി പങ്കുവയ്ക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) ഇല്ല. |

സെക്ഷൻ ഓഫീസർ